പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 937

30/6/2015-ലെ മറുപടിയ്ക്ക്

## ശരണ്യ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പു മന്ത്രി) |
| (എ) തൊഴിൽ വകുപ്പിന്റെ 'ശരണ്യ പദ്ധതി' നടപ്പിലാക്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 14 കോടി രൂപ വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) 2014-15 സാമ്പത്തിക വർഷം ശരണ്യ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ 14 കോടി രൂപ വകയിരുത്തിയിരുന്നു. ഇതുകൂടാതെ വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്ന മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ് എന്ന പദ്ധതിയിൽ നിന്നും 50 ലക്ഷം രൂപയും, കമ്പ്യൂട്ടറൈസേഷൻ ഓഫ് എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് എന്ന പദ്ധതിയിൽ നിന്നും 250 ലക്ഷം രൂപയും ചേർത്ത് ആകെ മൂന്ന് കോടി രൂപ ശരണ്യാ പദ്ധതിയിലേക്ക് വകമാറ്റി ലഭിച്ചിരുന്നു. ബഡ്ജറ്റ് വിഹിതമായ 14 കോടി രൂപയും റീ അപ്രോപ്രിയേഷനിലൂടെ ലഭിച്ച മൂന്ന് കോടി രൂപയും ചേർത്ത് ആകെ 17 കോടി രൂപ 2014-15 വർഷത്തിൽ ശരണ്യാ പദ്ധതിക്കായി ചെലവഴിച്ചിരുന്നു.<br>മുൻ സാമ്പത്തിക വർഷം സ്വീകരിച്ച ശരണ്യാ അപേക്ഷകളിൽ കാസറഗോഡ് ജില്ല ഒഴികെയുള്ള 13 ജില്ലകളിൽ വായ്പ വിതരണം നടത്താൻ അപേക്ഷകൾ അവശേഷിച്ചിരുന്നു. പ്രസ്തുത ജില്ലകളിൽ പദ്ധതി പ്രകാരം വായ്പ വിതരണം നടത്തുന്നതിനും, വായ്പ വിതരണത്തിന് മുൻപ് നൽകേണ്ട പരിശീലനം നൽകുന്നതിനും പദ്ധതി പ്രചരണത്തിനും, പദ്ധതിയുടെ ജില്ലാതല സമിതി കൂടുന്നതിനുമായി 2014-15 സാമ്പത്തിക വർഷം ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നംപർ | ജില്ല | ശരണ്യാ പദ്ധതിയ്ക്കായി അനുവദിച്ച തുക | അനുവദിച്ച തുക ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവത്തനങ്ങൾ |
| --- | --- | --- | --- |
| 1 | തിരുവനന്തപുരം | 1,70,18,623/- | ആകെ അനുവദിച്ച 1,70,18,623/- രൂപയിൽ നിന്നും 1,69,85,000/- രൂപ 365 അപേക്ഷകർക്ക് വായ്പ വിതരണത്തിനും, 32,295/- രൂപ 564 അപേക്ഷകർക്ക് സംരംഭകത്വ വികസന പരിശീലനത്തിനും നൽകുന്നതിനും 1328 രൂപ ശരണ്യാ പദ്ധതിയുടെ ജില്ലാതല സമിതി കൂടുന്നതിനുമായി ചെലവഴിച്ചു |
| 2 | കൊല്ലം | 3,29,00,795/- | ആകെ അനുവദിച്ച 3,29,00,795/- രൂപയിൽ നിന്നും 3,28,40,000/- രൂപ 751 അപേക്ഷകർക്ക് വായ്പയിനത്തിൽ വിതരണം നടത്തി. 60,795/- രൂപ ഉപയോഗിച്ച് 786 അപേക്ഷകർക്ക് സംരംഭകത്വ വികസന പരിശീലനം നൽകി |
| 3 | പത്തനംതിട്ട | 4120/- | അനുവദിച്ച 4120/- രൂപ സ്വയംതൊഴിൽ പദ്ധതിയുടെ പ്രചരണാർത്ഥം ബോധവത്ക്കരണ ശില്പശാല സംഘടിപ്പിച്ചു. |

| | | | |
|---|---|---|---|
| 4 | ആലപ്പുഴ | 2,05,37,000 | ആകെ അനുവദിച്ച 2,05,37,000/- രൂപ 408 അപേക്ഷകർക്ക് വായ്പ വിതരണത്തിനായി അനുവദിച്ചു |
| 5 | കോട്ടയം | 11,95,000/- | ആകെ അനുവദിച്ച 11,95,000/- രൂപ 24 അപേക്ഷകർക്ക് വായ്പ വിതരണത്തിനായി അനുവദിച്ചു |
| 6 | ഇടുക്കി | 1,05,00,000/- | ആകെ അനുവദിച്ച 1,05,00,000/- രൂപ 210 അപേക്ഷകർക്ക് വായ്പ വിതരണത്തിന് അനുവദിച്ചു |
| 7 | എറണാകുളം | 84,00,000/- | ആകെ അനുവദിച്ച 84,00,000/- രൂപ ഉപയോഗിച്ച് 200 അപേക്ഷകർക്ക് വായ്പ വിതരണം നടത്തി |
| 8 | തൃശ്ശൂർ | 1,98,29,000/- | ആകെ അനുവദിച്ച 1,98,29,000/- രൂപയിൽ നിന്നും 1,98,20,000/- രൂപ 423 പേർക്ക് വായ്പ വിതരണത്തിനും 9000 രൂപ 423 പേർക്ക് സംരംഭകത്വ വികസന പരിശീലനം നൽകുന്നതിനും ഉപയോഗിച്ചു. |
| 9 | പാലക്കാട് | 3,11,22,162/- | ആകെ അനുവദിച്ച 3,11,22,162/- രൂപയിൽ നിന്നും 3,10,79,587/- രൂപ 713 അപേക്ഷകർക്ക് വായ്പ വിതരണത്തിനും 42575 രൂപ 419 ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുന്നതിനും വിനിയോഗിച്ചു |

| | | | |
|---|---|---|---|
| 10 | മലപ്പുറം | 82,50,000/- | ആകെ അനുവദിച്ച 82,50,000/- രൂപ 165 അപേക്ഷകർക്ക് വായ്പ വിതരണത്തിനായി ഉപയോഗിച്ചു. |
| 11 | കോഴിക്കോട് | 1,48,21,300/- | ആകെ അനുവദിച്ച 1,48,21,300/- രൂപയിൽ നിന്നും 1,47,95,000/- രൂപ ഉപയോഗിച്ച് 303 പേർക്ക് വായ്പ വിതരണം നടത്തി. 26300 രൂപ പദ്ധതി പ്രചരണത്തിനും, 81 പേർക്ക് പരിശീലനം നൽകുന്നതിനുംമായി വിനിയോഗിച്ചു. |
| 12 | വയനാട് | 5,60,000/- | ആകെ അനുവദിച്ച 5,60,000/- രൂപ 11 അപേക്ഷകർക്ക് വായ്പ വിതരണത്തിനായി അനുവദിച്ചു |
| 13 | കണ്ണൂർ | 48,62,000/- | ആകെ അനുവദിച്ച 48,62,000/- രൂപ 107 അപേക്ഷകർക്ക് വായ്പയിനത്തിൽ വിതരണം നടത്തി |
| 14 | കാസറഗോഡ് | | അപേക്ഷകർ ഇല്ലാത്തതിനാൽ തുക അനുവദിച്ചിട്ടില്ല. |
| | ആകെ | 17,00,00,000/- | |

സെക്ഷൻ ഓഫീസർ